## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **12-02-2025 - ൽ മറുപടിയ്ക്ക്**

## റോഡ് നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പാവങ്ങാട്- ഉള്ളിയേരി-കുറ്റ്യാടി- ചൊവ്വ (പി.യു.കെ.സി) റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (എ) | പുതിയങ്ങാടി പുറക്കാട്ടിരി അണ്ടിക്കോട് അത്തോളി ഉള്ളിയേരി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വില്ലേജുകളിലായി 5.235 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥന അനുബന്ധ രേഖകൾ 30/10/2021 തിയ്യതിയിൽ KRFB-PMU എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ. എ), കൊയിലാണ്ടിയെ ലാന്റ് അക്വിസിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ലാന്റ് അക്വിസിഷൻ ഓഫീസർ അർത്ഥനാധികാരിയോടൊപ്പം പല തവണ ഏറ്റെടുക്കുന്ന ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയെങ്കിലും ഭൂമിയിലെ അലൈൻമെന്റിലും സർവ്വേ നമ്പറുകളിലും കല്ലുകൾ സ്ഥാപിച്ചതിലും പല അപാകതകളും കണ്ടെത്തുകയും പല ഭാഗങ്ങളിലും കല്ലുകൾ സ്ഥാപിച്ചിട്ടില്ല എന്നും കണ്ടെത്തുകയുണ്ടായി. ആയതിനാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് അന്തിമമായിട്ടില്ല. അർത്ഥനാധികാരി അപാകതകൾ പരിഹരിച്ച് പുതുക്കിയ അർത്ഥന ജില്ലാകളക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിലേക്കായി 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള വിവരങ്ങൾ ലാന്റ് അക്വിസിഷൻ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>ഈ പദ്ധതിയ്ക്കു വേണ്ടി 26/10/2021 തീയതിയിലെ സ.ഉ.(സാധാ)നം.3574/21/റവ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ അനുമതി നൽകി എങ്കിലും കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനാൽ എല്ലാ സർവ്വേ നമ്പറുകളും ഉൾപ്പെടുത്തി പരിഷ്കരിച്ച സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ